**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7347

17.07.2012 ൽ
മറുപടിക്ക്

പി.എം.ജി.എസ്.വൈ റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി. സതീശൻ<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ.പി.എ. മാധവൻ<br>ശ്രീ.റ്റി.എൻ. പ്രതാപൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) പി.എം.ജി.എസ്.വൈ പദ്ധതിയിൽ റോഡുകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | എ) പി.എം.ജി.എസ്.വൈ പദ്ധതിയിൽ സംസ്ഥാനത്തിന് ലഭിച്ച വിഹിതം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവായതിനാൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി കൂടുതൽ പ്രവർത്തികൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 720 കി.മി. ദൈർഘ്യം വരുന്ന റോഡുകൾ ഏറ്റെടുക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. |
| ബി) ഇതിനായി പുതിയ ടെണ്ടറുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ? | ബി) യും സി) യും പരിഗണിക്കുന്നതാണ്. പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണന പട്ടിക ക്രോഡീകരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി)യുടെ അംഗീകാരത്തിന ശേഷം, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ